**File No.SJD-D2/218/2020-SJD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അംഗ പരിമിതർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന 'പരിരക്ഷ ' പദ്ധതി- 2020-21 വർഷത്തേക്കുള്ള പ്രൊപ്പോസൽ- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.408/2020/സാ.നീ.വ** തീയതി,തിരുവനന്തപുരം, 18/08/2020

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭിച്ച 30.3.2020 ലെ സാനിവ/955/2020-D1 നമ്പർ കത്ത്.

2 24.6.2020-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

അപകടങ്ങൾ, അക്രമങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര സഹായം നൽകുന്ന 'പരിരക്ഷ ' പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകൽ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന/അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതരെ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുക, അംഗപരിമിതന്റെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുക, തുടങ്ങിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസലിന് 2020-21 വർഷത്തേയ്ക്ക് ആവശ്യമായ 56 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. 24.6.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'പരിരക്ഷ ' പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകൽ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന/അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതരെ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുക, അംഗപരിമിതന്റെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുക, തുടങ്ങിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിന് ആവശ്യമായ 56,00,000/- രൂപ (അൻപത്തി ആറു ലക്ഷം രൂപ മാത്രം) 2235-60-200-83(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**File No.SJD-D2/218/2020-SJD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ട്രഷറി ഓഫീസർ. ജില്ലാ ട്രഷറി, തിരുവനന്തപുരം

സാമൂഹ്യനീതി(എ) വകുപ്പ് (Vide item No.7)

ആസൂത്രണസാമ്പത്തികകാര്യവകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No.SJD/955/2020-D1**

## 'പരിരക്ഷ' - ഭിന്നശേഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ ശ്രദ്ധയും, പരിചരണവും ആവശ്യമാണ്. ആയതു ഉറപ്പാക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അനിവാര്യമായതിനാൽ 'പരിരക്ഷ' എന്ന പേരിൽ ഒരു പദ്ധതി 2018 -19 സാമ്പത്തികവർഷം മുതൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കി വരുന്നു. എന്നാൽ എല്ലാ മേഖലയിലും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് ഈ പദ്ധതികൊണ്ടുള്ള സഹായം ലഭിക്കുന്ന തരത്തിൽ 2020-21 മുതൽ പദ്ധതി വിപുലപ്പെടുത്തി നടത്തുന്നതിനു സഉ(സാധാ) നം.408/2020/സാനീവ തീയതി 18.08.2020 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

### പദ്ധതിയുടെ ലക്ഷ്യം

അടിയന്തിര സാഹചര്യങ്ങളിൽ ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്നുള്ള വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ / വകുപ്പിന്റെ പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരുള്ളതും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ കുടുംബങ്ങൾക്കും സഹായം നൽകുന്നു .

പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ചുവടെ പറയും പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമാണ്.

1. ജില്ലാ കലക്ടർ /പ്രതിനിധി

2. ജില്ലാ സാമൂഹ്യനീതി ഓഫീസർ

3. ജില്ലാ മെഡിക്കൽ ഓഫീസർ /പ്രതിനിധി

4.ജില്ലാ ക്രൈം റെക്കോർഡ് സ് ബ്യൂറോ പ്രതിനിധി

5.ഡെൽസാ പ്രതിനിധി

6. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയുടെ 2 പ്രതിനിധികൾ

### ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി നടപ്പാക്കാവുന്നതാണ് .

1 . സ്ത്രീ /പുരുഷ /ട്രാൻസ്ജൻഡർ ഭേദമന്യേ എല്ലാ ഭിന്നശേഷിക്കാർക്കും പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ് .

2.അടിയന്തിര സാഹചര്യത്തിൽ നൽകുന്ന സേവനമായതിനാൽ ദാരിദ്ര്യ രേഖാ പരിധി ഒഴിവാക്കാവുന്നതാണ്.

3.അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ,അടിയന്തിര ശസ്ത്രക്രിയ , ആംബുലൻസ് സേവനം, എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ് .

4.ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്നതോ, അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്നതോ ആയ ഭിന്നശേഷിക്കാരെ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും തുക വിനിയോഗിക്കാവുന്നതാണ് .

5.പ്രകൃതി ദുരന്തത്തിനിരയാകുന്ന ഭിന്നശേഷിക്കാർക്ക് അടിയന്തിര വൈദ്യസഹായം , ഭക്ഷണം എന്നിവ നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ് .

6.ആസിഡ് ആക്രമണം മറ്റ് ഗുരുതരമായ പൊള്ളൽ എൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ് .

7.ഭിന്നശേഷിക്കാരന്റെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ് .

8.വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ ഭിന്നശേഷിക്കാരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

9. ആകെ ചെലവാകുന്ന തുകയിൽ 25000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെ ചെലവാക്കാവുന്നതും 2 ലക്ഷം രൂപ വരെയുള്ള ചെലവിനു മോണിറ്ററിംഗ് കമ്മിറ്റിയുടെ മുൻകൂർ അനുമതിയോടു കൂടിയും 2 ലക്ഷത്തിനു പുറത്തു വരുന്ന ചെലവിനു സർക്കാരിന്റെ അനുമതിയും ലഭ്യമാകിയിരിക്കേണ്ടതാണ് .

10. 40%നു മുകളിൽ വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളവർക്കും മാത്രം മേൽ സേവനം നൽകിയാൽ മതിയാകുന്നതാണ് .

11. പ്രാഥമിക ചികിത്സ നൽകുന്നതിനു സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ദ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയതു സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

12. സാമൂഹ്യ നീതി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുമുള്ള ഭിന്നശേഷിക്കാർക്കും ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കേണ്ട ധനസഹായ തുകയിൽ തീരുമാനം കൈക്കൊള്ളാവുന്നതും ധനസഹായം അനുവദിക്കാവുന്നതുമാണ് . കൂടാതെ ഏതെങ്കിലും പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ടെങ്കിലും അടിയന്തിര ധനസഹായം അനിവാര്യമാണെന്ന് മോണിറ്ററിംഗ് കമ്മിറ്റിക്ക് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ഡയറക്ടറുടെ അംഗീകാരത്തോടെ തുക അനുവദിക്കാവുന്നതാണ് .

13. Inpatient ആയി ചികിത്സ ലഭ്യമാക്കേണ്ട കേസുകളിൽ ( അടിയന്തിര ചികിത്സ, ശസ്ത്രക്രിയ തുടങ്ങിയ ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്കു മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തി റൂം വാടക

അനുവദിക്കാവുന്നതാണ്.

14) എല്ലാ മേഖലയിലും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ മറ്റൊരു സഹായവും ലഭ്യമാകാത്ത സാഹചര്യത്തിൽ സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 'അടിയന്തിര ഘട്ടം' എന്നതിന് പ്രത്യേകം നിർവചനം നിശ്ചയിക്കുന്നത് ബഹു.ജില്ലാ കലക്ടർ ചെയർമാനായുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ വിവേചനാധികാരത്തെ പരിമിതപ്പെടുത്തുമെന്നതിനാൽ ഈ പദ്ധതി പ്രകാരമുള്ള അടിയന്തിര സാഹചര്യം സംബന്ധിച്ച തീരുമാനം മോണിട്ടറിംഗ് കമ്മിറ്റിയുടേതായിരിക്കും.

**'പരിരക്ഷ' പദ്ധതി വിജയകരമായി നടത്തുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ചുവടെ പറയുന്ന നിർദേശങ്ങൾ കൂടി നൽകുന്നു.**

1) പദ്ധതിയെക്കുറിച്ച് ജില്ലാതലത്തിൽ ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണം നടത്തുന്നതും , ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സംഘടനകൾ, സന്നദ്ധ സംഘടനകൾക്ക് പദ്ധതി സംബന്ധിച്ച ആവശ്യമായ അവബോധം നൽകുന്നതും അർഹരായവരുടെ മാത്രം അപേക്ഷ ലഭിക്കുന്നതിന് സഹായകരമാകും.
2) പദ്ധതിയുടെ ഗുണഫലങ്ങൾ പരമാവധി ഭിന്നശേഷിക്കാരിലേയ്ക്ക് എത്തിക്കുന്നതിന് ഭിന്നശേഷിക്കാരുടെ സന്നദ്ധ സംഘടനകളുടെ ഭാഗത്തുനിന്നും ആവശ്യമായ ഏകോപനം ഉറപ്പുവരുത്തേണ്ടതാണ്
3) പദ്ധതി സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിൽ പ്രൊബേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഹോം എൻക്വയറി നടത്തി അർഹത നിർണയിക്കുക.
4) അങ്കണവാടി വർക്കർമാരുടെ പ്രതിമാസ റിവ്യൂ മീറ്റിങ്ങിൽ 'പരിരക്ഷ' പദ്ധതി ഉൾപ്പെടെയുള്ള "ഭിന്നശേഷിക്കാർക്കായി നടത്തുന്ന വിവിധ പദ്ധതികളും ആനുകൂല്യങ്ങളും" എന്ന വിഷയം അജണ്ടയായി ഉൾപ്പെടുത്തുന്നതിന് ജില്ലാ വനിത ശിശുവികസന കാര്യാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുക .

സാമൂഹ്യനീതി ഡയറക്ടർ